# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 26-06-2012

## ഹയർസെക്കന്ററി പ്രവേശനം -
## മൂന്നാം അലോട്ട്മെന്റ് അനുവദിക്കാതിരുന്നത് അൺ-എയ്ഡഡ് മാനേജുമെന്റുകൾക്കുവേി

**കെ.എസ്.ടി.എ**

അൺ-എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിൽ ഹയർസെക്കന്ററിയിൽ കുട്ടികളെ കിട്ടാൻ വേിയാണ് മൂന്നാം അലോട്ട്മെന്റ് അനുവദിക്കാതിരുന്നതെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു. 14,000 ത്തോളം സി.ബി.എസ്.ഇ വിദ്യാർത്ഥികൾ ഹയർസെക്കന്ററി പ്രവേശനത്തിന് അപേക്ഷി സമർപ്പിച്ചതുകൊ് കേരളാ സിലബസിലുള്ള കുട്ടികളിൽ അർഹതയുള്ള പലർക്കും സയൻസിന് രാം അലോട്ട്മെന്റിലും പ്രവേശനം കിട്ടിയില്ല. ഇവർ അപേക്ഷിച്ച ഒന്നാം ചോയ്സിനും അവസരം കിട്ടിയില്ല. തങ്ങൾ ആഗ്രഹിച്ച സ്കൂളിൽ കിട്ടാത്ത സി.ബി.എസ്.ഇ വിദ്യാർത്ഥികൾ പലരും അഡ്മിഷൻ സ്വീകരിച്ചിട്ടുമില്ല. കേരളാ സിലബസിലെ കുട്ടികൾക്ക് മൂന്നാം അലോട്ട്മെന്റിലൂടെ കിട്ടേിയിരുന്ന അവസരം നഷ്ടപ്പെടുത്തിയ നടപടി അത്യന്തം പ്രതിഷേധാർഹമാണ്. കുട്ടികൾക്ക് അർഹതയുള്ള വിഷയവും സ്കൂളും കിട്ടാത്തതിനാൽ രാം അലോട്ട്മെന്റ് സ്വീകരിക്കാതെ അൺ-എയ്ഡഡ് സ്കൂളുകളിലും മാനേജ്മെന്റ് ക്വാട്ടയിലും വൻതുക കൊടുത്ത് പ്രവേശനം നേടേ ഗതികേടുായി. സി.ബി.എസ്.ഇ മാനേജുമെന്റുമായി ഒത്തുകളിച്ച സർക്കാർ ഇപ്പോൾ അൺ-എയ്ഡഡ് മാനേജർമാർക്ക് പ്രവേശനത്തിനുള്ള സൗകര്യം ഒരുക്കിയിരിക്കുകയാണ്. ക്ലാസ് തുടങ്ങാൻ വൈകും എന്ന ന്യായം പറഞ്ഞാണ് രാം അലോട്ട്മെന്റുകൊ് പ്രവേശന നടപടികൾ അവസാനിപ്പിച്ചത്. മുൻവർഷങ്ങളിൽ മൂന്നും നാലും അലോട്ട്മെന്റുകൾവരെ അനുവദിച്ചിരുന്നു. ഏപ്രിൽ 26 ന് എസ്.എസ്.എൽ.സി ഫലപ്രഖ്യാപനം നടന്നതാണ്. മെയ് 15 നുമുമ്പേ ഒന്നാം അലോട്ട്മെന്റ് നടത്താമായിരുന്നു. സി.ബി.എസ്.ഇ റിസൽട്ട് വരുന്നതുവരെ അപേക്ഷ നൽകാൻ അവസരം നൽകി പ്രവേശനം വൈകിപ്പിച്ചതിന്റെ ഉത്തരവാദി സർക്കാരാണ്. പൊതുവിദ്യാലയങ്ങളിൽ പഠിച്ച് മികച്ച വിജയം നേടിയ കുട്ടികളുടെ പ്രവേശനത്തിന് സർക്കാർ വീും അവസരം നിഷേധിച്ചിരിക്കുകയാണ്. സി.ബി.എസ്.ഇ യ്ക്കുവേി ഹയർസെക്കന്ററി പ്രവേശനം അട്ടിമറിക്കുകയും ക്ലാസുകൾ തുടങ്ങാൻ വൈകിപ്പിക്കുകയും ചെയ്ത സർക്കാർ നടപടിയിൽ ജനറൽ സെക്രട്ടറി എം.ഷാജഹാൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി